LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ച് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 915/2015 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സുജിത്ത് (അരീക്കൽ എൻക്ലേവ്, ഫ്ലാറ്റ് നമ്പർ 5 എ) എന്നയാളിനെ പ്രതിയാക്കി 341, 325 ഐ.പി.സി.-യിലെ വകുപ്പുകൾ ചേർത്താണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സെക്യൂരിറ്റി ജീവനക്കാർക്ക് ജോലിക്കിടെയുള്ള മർദ്ദനം സംബന്ധിച്ച് പരാതി ലഭിച്ചാൽ താമസംവിനാ കേസുകൾ രജിസ്റ്റർ ചെയ്ത്, കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

സ്റ്റുഡന്റ്സ് പോലീസ്

194 (1899) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് ആരംഭിക്കുന്നതിന് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ തമ്മിൽ എന്തെങ്കിലും വ്യത്യാസം നിലനിൽക്കുന്നുണ്ടോ ;

(ബി) സ്റ്റുഡന്റ്സ് പോലീസ് അംഗങ്ങൾക്ക് ഈ വർഷം മുതൽ നൽകുവാൻ ഉദ്ദേശിക്കുന്ന ഗ്രേസ് മാർക്ക് എത്രയെന്ന് വിശദമാക്കാമോ ;

(സി) സ്റ്റുഡന്റ്സ് പോലീസ് അംഗങ്ങൾക്ക് പോലീസ് റിക്രൂട്ട്മെന്റിൽ എന്തെങ്കിലും തരത്തിലുള്ള മുൻഗണന ലഭ്യമാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന, 75 ശതമാനം ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5 ശതമാനം ഗ്രേസ് മാർക്ക് നൽകി വരുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.